# അമേരിക്കൻ കഥകൾ

## മിനികഥകൾ പതിനാറ്

ജോയിക്കുട്ടി,ഡിട്രോയിറ്റ്

അന്നച്ചി, പുതിയ കഥയുമായി വരികയാണ്. ജോസഫ് അച്ചായന് മറ്റ് സ്ത്രീകളുമായ് ബന്ധം ഉണ്ടെന്ന് പറയുന്നത് അവക്ക് നല്ല ബോദ്ധ്യമുള്ള കാര്യമാണ്. പലതും കാണാതെയും കേൾക്കാതെയും ജീവിച്ചാലല്ലേ കുടുംബ ജീവിതം സന്തോഷമായി പോകത്തുള്ളൂ എന്നാണ് അവരുടെ ഭാഷ. അവക്ക് വാദ്ധ്യക്യമായി; അച്ചായനാണെങ്കിൽ കൊച്ചു പെണ്ണുങ്ങളെ കാണുമ്പോൾ ഒരു ഇതാണ്. ഈ പെണ്ണുങ്ങളെ വളയ്ക്കാനും അവരിൽ നിന്ന് രതി സുഖം പ്രാപിക്കാനും അയാൾക്ക് കഴിവുണ്ട്.
അവിടെ വന്നിട്ടുള്ള മിക്ക മലയാളികളും അന്നച്ചിയുടെ വീട്ടിൽ താമസിച്ചിട്ടാണ് പോയിട്ടുള്ളത്. മൂന്ന മാസം, ആറു മാസം, ഒരു വഷം അങ്ങിനെ ഒരു കാലം അവിടെ കഴിഞ്ഞ ശേഷം അവരുടെ സഹായങ്ങളും പറ്റിയ ശേഷമേ പോയിട്ടുള്ളു. അങ്ങിനെ വരുന്നവക്ക് താമസവും ഭക്ഷണവും സൗജന്യമായി കിട്ടും. പിന്നെ, അവിടുത്തെ ചിട്ടവട്ടങ്ങളുമായി കഴിയണം. ഭക്ഷണം പാകം ചെയ്യൽ, വീട് വൃത്തിയാക്കൽ എല്ലാം അവരുടെ ജോലിയാണ്. കൂടാതെ ആണുങ്ങൾ പുല്ല് വെട്ടൽ, മഞ്ഞു വരുമ്പോൾ അത് വൃത്തിയാക്കൽ തുടങ്ങിയ പണികളും ചെയ്യണം. ആ കാലഘട്ടത്തിൽ അന്നച്ചിക്ക് ജോലി കഴിഞ്ഞ് വന്ന് സ്വസ്ഥമായ് ഇരിക്കാം. അവിടെ താമസിച്ചിട്ടുള്ള എല്ലാ പെണ്ണുങ്ങളുടേയും പുളി ജോസഫ്അച്ചായൻ അറിഞ്ഞിട്ടുണ്ട്. അതിന തക്ക സൗകര്യങ്ങൾ അയാൾ സൃഷ്ടിക്കും എന്നത് അയാളുടെ കഴിവാണ്. പെണ്ണുങ്ങളും സഹകരിക്കും; അല്ലാതെ വേറെ വഴിയില്ല. ജോലി ചെയ്ത് കിട്ടുന്ന പണം മുഴുവനും അവരുടെ കയ്യിലിരിക്കും; ഒരു ചിലവുമില്ലാതെ എത്ര കാലം വേണമെങ്കിലും അവിടെ കഴിയാം. കൂടാതെ അവിടുന്ന് പോകുമ്പോൾ കാറോ എന്തെങ്കിലുമോ തടയാം; അതെല്ലാം പെണ്ണുങ്ങളുടെ കഴിവാണ്.
അങ്ങിനെ സിസ്സിലിയും വഗ്ഗീസും അവിടെ താമസമായ്. അവളുടെ ചേട്ടത്തിയാണ് അവക്ക് അമേരിക്കയിൽ വരാനുള്ള കടലാസു പണികളും ടിക്കറ്റുമെല്ലാം തരപ്പെടുത്തിയത്. അവർ വരാറായപ്പോൾ, അവർ ആ സ്റ്റേറ്റ് വിട്ട് പോയി; അവിടുത്തെ കാലാവസ്ഥ പിടിക്കുന്നില്ലായെന്നാണ് കാരണം. അവൾക്കറിയാം അവിടെ താമസിച്ചാൽ ജോസഫച്ചായൻ രുചി നോക്കുമെന്ന്. അവളേയും അയാൾ ഉപയോഗിച്ചതാണ്. അത് സാരമില്ല.
സിസ്സിലിക്ക് മക്കളൊന്നുമില്ല. വിവാഹം കഴിഞ്ഞിട്ട് പന്ത്രണ്ട് വഷം കഴിഞ്ഞു. ചെയ്യാവുന്ന എല്ലാ ചികിത്സയും നേച്ചകളും കഴിഞ്ഞു. മക്കളെ ഉണ്ടാക്കിയട്ട് എന്തോ ചെയ്യാനാ; പ്രായം ആയി കഴിയുമ്പോൾ അവർ തിരിഞ്ഞു നോക്കാതെ കടന്നു കളയുന്നതാണ് ന്യൂജനറേഷൻ എന്നാണവളുടെ അഭിമതമിപ്പോൾ. ദൈവം അറിഞ്ഞുകൊണ്ടാണ് ഓരോന്ന് ചെയ്യുന്നതെന്നാണ് ഇപ്പോൾ അവളുടെ വിശ്വാസം.
അമേരിക്കയിൽ സാധാരണ എല്ലാ വീട്ടിലും ദിവസവും പാചകം ചെയ്യേണ്ടതില്ല. ഒരിക്കൽ പാചകം ചെയ്ത് ഫ്രിഡ്ജിൽ വെച്ചാൽ കുറേ ദവസങ്ങൾ അത് മൈക്രോഓവനിൽ വെച്ച് ചൂടാക്കി കഴിക്കലാണ് എല്ലാവരും ചെയ്യുന്നത്. അല്ലാതെ തിരക്കേറിയ ജീവിതത്തിനിടയിൽ എല്ലാ ദിവസവം പാചകം ചെയ്യുന്നത് പ്രായോഗികമല്ല. എന്നാൽ വളരെ അപൂവ്വം ചില മലയാളികൾ ഈ മൈക്രോഓവൻ ഉപയോഗിക്കാതെ ജീവിന്നുണ്ട്. കേരളത്തിൽ എത്ര മൈക്രാഓവൻ ഉപയോഗിച്ചാണ് ഇത്രയും കാലം ജീവിച്ചതെന്നാണ് അവരുടെ ഭാഷ. പ്രത്യേകിച്ച് ജോലിക്കു പോകാതെ വീട്ടിൽ ഹൗസ്വൈഫായി ഇരിക്കുന്നവക്ക് അതിനുള്ള സമയവും സൗകര്യവുമുണ്ട്. അവക്ക് ദിവസവും പാചകം ഒരു സമയം പോക്കൽ ആണ്.

അവിടെ ജോലി ചെയ്യുന്ന നാല് ഡോക്ടറന്മാർ അടുത്തടുത്ത് താമസിക്കുന്നവർ ഒരു ആശുപത്രിയിൽ വ്യത്യസ്ഥമായ വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവർ. അവരുടെ ഭാര്യമാരും ജോലി ഒന്നും ചെയ്യുന്നില്ല. അവർ എല്ലാം ഉന്നത വിദ്യാഭ്യാസമുള്ളവരാണ്. ഉന്നത വിദ്യാസമുള്ളത് പ്രതേകിച്ച് ജോലി ഒന്നും ചെയ്യാതെ ഹൈസ്വൈഫായി കഴിയുന്നവർ അവരുടെ മക്കളെ നല്ല രീതിയിൽ വളത്തും എന്നത് ഒരു പ്രത്യേകതയാണ്. കൂടാതെ ജോലി ചെയ്യാത്ത സ്ത്രീകൾ വീട്ടിൽ വഴക്കും ബഹളങ്ങളും ഇല്ലാതെ അടങ്ങി ഒതുങ്ങി കഴിയുമെന്നാണ് ആണുങ്ങളുടെ അഭിമതം. അങ്ങിനെയുള്ള ഭാര്യമാരുടെ കൂടെ എപ്പോൾ വേണമെങ്കിലും ലൈഗിക വേഴ്ച ചെയ്യാമെന്നതും ഒരു പ്രത്യേകതയാണ്. പെണ്ണുങ്ങൾ സ്വയം സമ്പാദിക്കുന്നവരാണെങ്കിൽ അവരുടെ കൂടെ സമാധാനമായി കഴിയണമെങ്കിൽ പ്രത്യേകം കഴിവു വേണമെന്നതും ശരിയാണ്. പുരുഷനേക്കാൾ കൂടുതൽ വരുമാനം ഉള്ള സ്ത്രീകളുടെ അടക്കി വാഴുന്ന സ്വഭാവം പല പുരുഷന്മാക്കും ഇഷ്ടമല്ല. അങ്ങിനെയുള്ളടത്ത് പുരുഷന്മാരും അടുക്കളയിൽ കയറി പണി ചെയ്യാൻ നിബ്ബന്ധിതരാകും.
ഈ നാലു ഡോക്ടറന്മാക്കും അമേരിക്കയിലെ ജീവിതം പരമ സുഖമാണ്. കാലത്ത് ആരെങ്കിലും ഒരാൾ മാറി മാറി കാർ എടുക്കും; ഒന്നിച്ചു പോകും, ഒന്നിച്ചു വരും. രണ്ടാഴ്ച കൂടുമ്പോൾ പേ ചെക്ക് കിട്ടും. അമേരിക്കയിൽ ജോലി ചെയ്താൽ ശമ്പളം പണമായി കൊടുക്കത്തില്ല; ചെക്കായിട്ടാണ് കൊടുക്കുന്നത്. അതും കയ്യിൽ കൊടുക്കത്തില്ല; നേരിട്ട് അവർ നാലു പേരുടേയും അക്കൌണ്ടിലേക്ക് പോകും. ഭാര്യയാണ് ചിലവുകൾ എല്ലാം നടത്തുന്നത്. കടയിൽ പോക്കും സാധനങ്ങൾ വാങ്ങലും എല്ലാം. ജോലി ചെയ്യണം വീട്ടിൽ വന്ന് വിശ്രമിക്കണം. ഭാര്യയുമായി രതി ലീലകളിൽ എപ്പോൾ വേണമെങ്കിലും കഴിയാം. ഇവക്ക് ഒരു ഡോക്ടറാണെന്നുള്ള ജാഡയില്ല. ആഴ്ചവട്ട അവസാന ദിവസങ്ങളായ ശനി, ഞായർ ദിവസങ്ങളിൽ ഇവർ ആരുടെയെങ്കിലും ഒരാളിന്റെ വീട്ടിൽ ഒന്നിച്ചു കൂടി ചീട്ടുകളിയും കള്ളുകുടിയും ഭക്ഷണം കഴിക്കലും എല്ലാമായി ഉല്ലാസമായി കഴിയും. ജോസഫ് അച്ചായനും സിസിലിയുടെ വഗ്ഗീസും ഈ കൂട്ടത്തിൽ കാണും. അങ്ങിനെ അവർ ഒന്നിച്ച് ആറുപേർ ചേന്നാണ് ചീട്ടുകളി. ഡോക്ടേഴ്സിന്റെ കൂടെ ഒന്നിച്ചിരുന്നാണ് വഗ്ഗീസ് വീക്കെൻഡ് കഴിച്ചു കൂട്ടുന്നത് സിസ്സിലിക്ക് വളരെ അഭിമാനം ഉള്ള കാര്യമാണ്. അമേരിക്കയിൽ വീടു വാങ്ങി താമസിക്കുന്ന മിക്ക മലയാളികളുടെയും വീട്ടിൽ വിവിധതരം വിദേശ മദ്യങ്ങളുള്ള ബാറുകൾ ഉണ്ട്. ഏതു തരം വെണമെങ്കിലും എപ്പോൾ വേണമെങ്കിലും ഇഷ്ടം പോലെ കഴിക്കാം.
ഏകദേശം ഒരു വഷത്തിൽ ചില്ലാനം സിസ്സിലും കുടുംബവും വേറെ മാറി താമസിക്കാൻ തീരുമാനിച്ചു. അതും പുത്തൻ ഒരു വീട്ടിലേക്ക്. ഡോക്ടറന്മാർ ഓരോരുത്തരും ഏകദേശം ആയിരം ഡോളർ വില വരുന്ന, ഫ്രിഡ്ജ്, മൈക്രോഓവൻ, കിടക്ക എന്ന വേണ്ട സമ്മാനങ്ങൾ അവക്ക് കൊടുത്തു. ഇത് അമേരിക്കയിലെ ഒരു സമ്പ്രദായമാണ്; ഒരാൾ ഒരു പുത്തൻ വീടു വാങ്ങി മാറി താമസിച്ച് പരിചയക്കാരെ ക്ഷണിച്ച് വിഭവസമൃദ്ധമായ ഭക്ഷണം കൊടുക്കുമ്പോൾ അവിടെ ചെല്ലുന്നവർ അവരുടെ അന്തസിന പറ്റിയ സമ്മാനങ്ങൾ കൊടുക്കും.
അതിന ശേഷം ഏകദേശം രണ്ടാഴ്ച കഴിഞ്ഞപ്പോൾ അവർ പതിവുപോലെ ഒന്നിച്ച് കാലത്ത് ജോലിക്കു പോയപ്പോൾ, മഞ്ഞു വിണ് തെന്നികിടന്നിരുന്ന റോഡിൽ അവർ ഒരു വലിയ അപകടത്തിൽ പെട്ട് നാലു പേരും അവിടെ വെച്ചു തന്നെ മരിച്ചു. വിധവകളായ ആ സ്ത്രീകൾക്ക് കഷ്ടകാലമായ്.